ജില്ലാകളക്ടറും കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും കക്ഷികളായി ചേർന്ന് ഒരു ഉടമ്പടി തയ്യാറാക്കുകയും ചെയ്തു. എന്നാൽ കോന്നി ഡി.എഫ്.ഒ പരസ്പരം സമ്മതിച്ച നിബന്ധനകളിൽ പിന്നീട് മാറ്റം വരുത്തിയതിനാൽ ഉടമ്പടി നടപ്പിൽ വരുത്താൻ ഇതുവരെ സാധിച്ചിട്ടില്ല എന്നാണ് മനസിലാക്കുന്നത്. പദ്ധതി ഡി.എഫ്.ഒ. യുടെ മാത്രം നിയന്ത്രണത്തിലും നിർദ്ദേശത്തിലും മാത്രമേ പ്രവർത്തിക്കാവൂ എന്ന വനം വകുപ്പിന്റെ തീരുമാനമാണ് പദ്ധതി നടപ്പിലാക്കാൻ കാലതാമസമുണ്ടാക്കുന്നതെന്ന് മനസ്സിലാക്കുന്നു. ഈ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് നടപ്പിലാക്കുന്നതിന് സഹകരിക്കാൻ വനം വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഇതുവരെ ടൂറിസം വകുപ്പ് അഞ്ചുലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) വനം വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ അനുകൂല തീരുമാനമാകുന്ന മുറയ്ക്ക് ഇതിന്റെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

ടൂറിസം മേഖലയിലെ നേട്ടങ്ങൾ

192 (194) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര- നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ ;

(ബി) കെ. ടി. ഡി. സി. സ്വകാര്യവൽക്കരിക്കുവാനും ജീവനക്കാരുടെ അംഗസംഖ്യയിൽ കുറവു വരുത്താനും പദ്ധതിയുണ്ടോ ;

(സി) ടൂറിസം വ്യവസായ പരിപോഷണത്തിനുതകുന്ന എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി അതുവഴി തൊഴിൽ രംഗത്തും സാമ്പത്തികരംഗത്തും പരമാവധി നേട്ടങ്ങൾ കൈവരിക്കാനുള്ള ശ്രമങ്ങൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കൂടുതൽ ടൂറിസ്റ്റ് ആകർഷക സൗകര്യങ്ങൾ ഏർപ്പെടുത്താനും സാധിച്ചിട്ടുണ്ട്. അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുക വഴിയും വേണ്ട പ്രോത്സാഹനങ്ങളും മറ്റു സൗകര്യങ്ങളും നൽകുക വഴിയും സ്വകാര്യമേഖലയിൽ ഈ രംഗത്ത് വർദ്ധിച്ച മുതൽമുടക്ക് ഉണ്ടായിട്ടുണ്ട്. ഇതു കൂടാതെ സർക്കാർ ടൂറിസം വകുപ്പു മുഖേന നേരിട്ടും സർക്കാർ ഏജൻസികളായ കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ, ബേക്കൽ

LIBRARY ARCHIVES Kerala Legislative Assembly

റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ, ജില്ലാ ടൂറിസം പ്രെമോഷൻ കൗൺസിലുകൾ, തെന്മല-ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി എന്നിവ വഴിയും നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അവയിൽ മുഖ്യമായവ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഇല്ല.

(സി) ടൂറിസം വ്യവസായത്തിന്റെ വളർച്ചയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ടൂറിസം മേഖലയിലെ അടിസ്ഥാനസൗകര്യങ്ങളിലെയും മറ്റു ടൂറിസം പ്രോജക്ടുകളിലേയും മുതൽമുടക്കിനു 10 ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡി ലഭ്യമാക്കുന്നുണ്ട്. സ്വകാര്യസംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും മറ്റും വായ്പ ലഭ്യമാക്കാനും സഹായങ്ങൾ ചെയ്തുവരുന്നുണ്ട്. സ്വകാര്യമേഖലയിലെ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വേണ്ട ഒത്താശകൾ ടൂറിസം വകുപ്പ് ചെയ്തുവരുന്നുണ്ട്. ക്ലാസിഫൈഡ് ഹോട്ടലുകൾക്ക് ഇലക്ട്രിസിറ്റി താരിഫ് ഇളവും നൽകിവരുന്നുണ്ട്.

പാതിരാമണലിൽ സ്വകാര്യഹോട്ടൽ

193 (195) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര- നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. റ്റി. ഡി. സി. യുടെ കൈവശമുള്ള പാതിരാമണൽ ദ്വീപ് ഏതെങ്കിലും സ്വകാര്യ ഹോട്ടൽ കമ്പനിക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പേരുകേട്ട പക്ഷിസങ്കേതമായ ഈ ദ്വീപിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ പണിയാൻ കരാറിൽ വ്യവസ്ഥയുണ്ടോ ;

(സി) പരസ്യമായി ടെണ്ടർ ക്ഷണിച്ചതിനുശേഷമാണോ ഈ കമ്പനിയുമായി എഗ്രിമെന്റ് ഉണ്ടാക്കിയതെന്ന് വെളിപ്പെടുത്തുമോ.;

(ഡി) ഏതെല്ലാം കമ്പനികളാണ് ടെണ്ടർ സമർപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. ടൂറിസം രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യപങ്കാളിത്തത്തോടെ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പാതിരാമണൽ ദ്വീപ്, കെ.റ്റി.ഡി.സി. യുടെ സബ്സിഡിയറി കമ്പനിയായ ടൂറിസ്റ്റ്

† അനുബന്ധം - XXVIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XXVII

[19-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 180(182)-ന്റെ ഉത്തരം ദയവായി കാണുക]

കേരളത്തിലെ നിത്യോപയോഗസാധനങ്ങളുടെ വിലവിവരം താരതമ്യപ്പട്ടിക 1996, 2001

ക്രമ നമ്പർ	സാധനത്തിന്റെ പേരുവിവരം	ബ്രാൻഡ്/തരം അളവ്	1996 മാർച്ചിലെ വില	2001 ജനുവരി 31-ലെ വില
1	അരി	ചമ്പ (കി.ഗ്രാം)	10.48	12.94
2	അരി	പച്ച (കി.ഗ്രാം)	9.45	12.30
3	ചെറുപയർ		24.39	26.52
4	ഉഴുന്നുപരിപ്പ്		26.92	40.27
5	തുവരപ്പരിപ്പ്		31.08	28.48
6	പഞ്ചസാര		13.67	14.79
7	നിലക്കടലയെണ്ണ.		45.64	47.80
8	സോപ്പ്	അര ബാർ	6.04	7.23
		ലക്സ്	7.14	10.50
9	തേയില	ലൂസ്	65.00	70.00
		(പായ്ക്കറ്റ് കണ്ണൻ ദേവൻ)	120.00	130.00
10	ഉരുളക്കിഴങ്ങ്	കിലോ	7.35	7.83
11	തേങ്ങ	100 ന്	429.29	374.00
12	ഉള്ളി	കിലോ	10.37	11.48
13	ഉപ്പ്	"	2.00	2.50
14	മല്ലി		25.00	37.15
15	വറ്റൽമുളക്		47.00	40.96
16	പുളി		19.50	26.80
17	ജീരകം		78.00	165.38
18	കടുക്		20.00	25.15
19	ഉലുവ		18.00	31.15
20	മഞ്ഞൾ		25.00	33.62
21	സവാള		5.50.	8.74
22	കാപ്പി		112.00	130.00
23	വെളിച്ചെണ്ണ		43.60	37.00

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
46. Malabar Residency	Kannur	3	0497-765456
47. Udaya Samudra	Kovalam	3	0471-481653
48. Hotel Sea Face	Kovalam	3	0471-481591
49. Hotel Tripenta	Malambuzha	3	0491-815210
50. Hotel River Retreat	Cheruthuruthi	3	
51. Poovar Island Resort	Thiruvananthapuram	3	0471-212069
52. Fortune Hotel	Kozhikode	3	0495-768888
53. Ariya Nivas Hotel	Thiruvananthapuram	2	0471-454701
54. Bright Resort	Kovalam	2	0471-481210
55. Kadaloram Beach Resort	Kovalam	2	0471-481116
56. Preeth Beach Resort	Varkala	2	0472-600942
57. Hotel Sudarsan	Kollam	2	0474-744322
58. Hotel Elite	Thiruvalla	2	0473-602302
59. Hotel Indraprastha	Mavelikara	2	0479-302116
60. Hotel Vani	Changanassery	2	0481-422403
61. Hotel Aida	Kottayam	2	0481-568391
62. Breez International	Changanassery	2	0481-422909
63. Thrisanque Heaven	Peermade	2	04869-32491
64. Alleppey Prince Hotel	Alappuzha	2	0477-243752
65. Hotel Hill View	Munnar	2	0486-230567
66. Issac's Residency	Munnar	2	0486-230247
67. Copper Castle	Munnar	2	0486-530633
68. Hotel Kumily Gate	Thekkady	2	0486-322279
69. Michaell's Inn	Thekkady	2	0486-322355
70. Paray Hotel	Muvattupuzha	2	0484-833863
71. Mundadan Tourist Home	Angamali	2	0484-452975

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
72. Hotel Rukmini	Angamali	2	0484-454701
73. Vanamal Kusumam	Guruvayoor	2	0487-556702
74. Marhabi Resort	Palakkad	2	0491-525262
75. Alakapuri Guest House	Kozhikode	2	0495-723451
76. Queen Hotel	Kozhikode	2	0495-366604
77. Hotel Paris Presidency	Tellicherry	2	0490-342666
78. Hotel Mahendrapuri	Malappuram	2	0493-734101
79. The Green Gate	Kalpetta	2	0493-602001
80. Hotel Aiswarya	Kochi	2	0484-364454
81. Grand Hotel	Kochi	2	0484-382061
82. ATS Willington	Kochi	2	0484-667282
83. Gannam Hotel	Kochi	2	0484-367202
84. BTH Saroveram	Kochi	2	0484-305519
85. Nikki's Nest	Kovalam	2	0471-481822
86. Hotel Excellency	Ernakulam	2	0484-374001
87. KPM Residency	Perinthalmanna	2	
88. Hotel Mithila	Eramallor	2	
89. Hotel Luciya	Kochi	1	0484-380051
90. Hotel Airlines	Kochi	1	0484-366633
91. Paulson Park	Kochi	1	0484-382170
92. Hotel Sangeetha	Kochi	1	0484-368487
93. Highway Garden	Kochi	1	0484-346563
94. Royal Village, Eloor	Kochi	1	0484-546042
95. Sicilia Tourist Home	Thodupuzha	1	0486-222117
96. Palakunnel Tourist Home	Ettumanoor	1	0481-536291
97. Sakthi Tourist Home	Kottayam	1	0481-563151
98. Periyar House	Thekkady	1	0486-322026

LIBRARY ARCHIVES Kerala Legislative Assembly

11. കായൽ ടൂറിസം വികസനത്തിന്റെ ഭാഗമായി കുട്ടനാട് പമ്പ, ഭാഗത്ത് ബോട്ട്ടെർമിനലുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതി തയ്യാറാക്കി. അഷ്ടമുടിക്കായലിന്റെ സമഗ്ര ടൂറിസം വികസനം കായലോരങ്ങളിൽ സൈനേജ് സിസ്റ്റം സ്ഥാപിക്കാനും ഹൗസ്ബോട്ടുകൾ വ്യാപകമാക്കാനും നടപടി സ്വീകരിച്ചു.

12. കേരളത്തിലെ ബീച്ചുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കോവളം, വർക്കല, കാപ്പാട്, ശംഖുമുഖം, കണ്ണൂരിലെ പയ്യംപലം, മുഴപ്പിലങ്ങാട് എന്നിവിടങ്ങളിൽ വികസന പ്രവർത്തനങ്ങൾ ഏർപ്പെടുത്തി.

13. വേളി ടൂറിസ്റ്റ് വില്ലേജിന്റെ വികസനത്തിന്റെ ഭാഗമായി അമ്യൂസ്മെന്റ് പാർക്കിന് സ്ഥലമേറ്റെടുക്കുകയും അത് തുടങ്ങാനാവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

14. തെൻമല എക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചു. ട്രക്കിംഗ് അമ്യൂസ്മെന്റ് പാർക്ക്, വിശാലമായ ഉദ്യാനം, മ്യൂസിക്കൽ ഫൗണ്ടൻ തുടങ്ങി പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിലുള്ള പദ്ധതികളാണ് ഇവിടെയുള്ളത്.

15. വാഗമണ്ണിൽ വിശാലമായ ഒരു ഗോൾഫ് കോഴ്സ് ഉൾപ്പെടെയുള്ള ഒരു ടൂറിസ്റ്റ് റിസോർട്ടിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഒരു ഏജൻസിയെ ചുമതലപ്പെടുത്തി.

16. ടൂറിസ്റ്റു കേന്ദ്രങ്ങളുടെ വിവരം നൽകുന്ന സമഗ്ര സൈനേജ് സിസ്റ്റം നടപ്പാക്കി വരുന്നു.

17. പാലരുവി, കൊട്ടാരക്കര, ആലപ്പുഴ, വൈക്കം, കോട്ടയ്ക്കൽ, വാളറ, കണ്ണൂർ, വടകര, മഞ്ചേശ്വരം തുടങ്ങിയ സ്ഥലങ്ങളിൽ വഴിയോര വിശ്രമ കേന്ദ്രങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. മലയാറ്റൂർ, പീരുമേട് എന്നിവിടങ്ങളിൽ യാത്രിനിവാസുകളുടേയും ആതിരപ്പള്ളി, ആറൻമുള എന്നിവിടങ്ങളിൽ വഴിയോര വിശ്രമ കേന്ദ്രത്തിന്റെയും പറവൂർ, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിൽ ടൂറിസ്റ്റ് റിസോർട്ടുകളുടേയും പണി പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു. ഗുരുവായൂർ, കോഴിക്കോട്, നെല്ലിയാംപതി എന്നിവിടങ്ങളിൽ യാത്രീനിവാസുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. കൊണ്ടോട്ടിയിൽ യാത്രീനിവാസ് നിർമ്മാണത്തിന് സ്ഥലമേറ്റെടുത്ത് പണി ഉടൻ ആരംഭിക്കും. തിരുനെല്ലിയിൽ യാത്രീനിവാസ് നിർമ്മാണത്തിന് കേന്ദ്രാനുമതി ലഭിച്ചു.

18. കായംകുളം, ആലുംകടവ് എന്നിവിടങ്ങളിലെ ജലയോര വിശ്രമ കേന്ദ്രങ്ങളുടെ പണി പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly

19. ആയുർവേദം ഒരു പ്രധാന ടൂറിസ്റ്റ് ആകർഷണമായി പ്രചരിപ്പിച്ചു വരുന്നു. മെച്ചമായ സേവനം ഉറപ്പുവരുത്തുന്നതിനായി ആയുർവേദ കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിനും നിശ്ചിത യോഗ്യത ഉള്ള വരെ കൊണ്ടുമാത്രംചികിത്സ നടത്തിക്കുവാനും ഉതകുന്ന ഒരു സ്കീം നടപ്പാക്കിവരുന്നു.

20. ചരിത്രപ്രാധാന്യമുള്ള പുരാതനകെട്ടിടങ്ങളുടെ സംരക്ഷണത്തിന് 'ഗൃഹസ്ഥലി' എന്ന പദ്ധതി ആവിഷ്ക്കരിച്ചു.

21. ടൂറിസം പ്രചരണാർത്ഥം ജലതരംഗം, വില്ലേജ്ഫെയർ, ടൂറിസം വാരാഘോഷം, നിശാഗന്ധി നൃത്തോൽസവം തുടങ്ങിയ മേളകൾ സംഘടിപ്പിക്കുന്നുണ്ട്.

22. സ്വകാര്യ മുതൽമുടക്ക് പ്രോൽസാഹിപ്പിക്കാൻ ടൂറിസം വ്യവസായമായി പ്രഖ്യാപിച്ച് വിവിധ ഇളവുകളും പ്രോത്സാഹനങ്ങളും അനുവദിച്ചു.

23. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കെ.ടി.ഡി.സി.യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി അതിനെ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനമായി മാറ്റുവാൻ കഴിഞ്ഞു.

24. ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കെ.ടി.സി.ഡി. വഴി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി മൂന്നാറിൽ ഫോർ സ്റ്റാർ നിലവാരത്തിലുള്ള കോട്ടേജുകൾ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ബോൾഗാട്ടി പാലസ് ഹോട്ടലിന്റെ നവീകരണം പൂർത്തിയായി വരുന്നു. കുമരകം ടൂറിസ്റ്റ് വില്ലേജിന്റെ കോട്ടേജുകൾ പ്രവർത്തനക്ഷമമാക്കി. മസ്ക്കറ്റ് ഹോട്ടൽ ഒരു ഫൈവ്സ്റ്റാർ ഡീലക്സ് ഹോട്ടലായി ഉയർത്താനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചെന്നൈയിലെ ഹോട്ടൽ പ്രൊജക്ടിനും മുംബൈയിൽ ഒരു കേരളഹൗസ് നിർമ്മിക്കുന്നതിനും പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

25. ബേക്കലിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി റിസോർട്ട് സൈറ്റുകൾ വിപണനത്തിന് തയ്യാറായിക്കഴിഞ്ഞു. പൂർത്തിയായ ഒരു സൈറ്റ് താജ്ഗ്രൂപ്പുമായുള്ള സംയുക്തസംരംഭത്തിനും മറ്റൊന്ന് ഒബ്റോയ് ഗ്രൂപ്പുമായുള്ള സംയുക്ത സംരംഭത്തിനും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇവരുടെ സാന്നിദ്ധ്യം ബേക്കൽ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു സങ്കേതമായി വികസിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ശക്തിപകരും.

26. ബേക്കൽ ടൂറിസം പദ്ധതിയുടെ ഭാഗമായി പദ്ധതി പ്രദേശങ്ങളിൽ കുടിവെള്ള വിതരണപദ്ധതി, റോഡ് വികസനപദ്ധതി, ഡ്രെയിനേജ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതി, ഇലക്ട്രിസിറ്റി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എന്നിവയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly